കാർഷിക വൈദ്യുതി കണക്ഷൻ

39 (4621) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ 35 സെന്റ് ഭൂമിയിൽ കുറവുള്ളവർക്ക് നൽകാത്തതുമൂലം ഉണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ചെറുകിട കൃഷിക്കാർക്ക് കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 30 സെന്റിൽ കുറയാതെ വസ്തു കൈവശം ഉള്ളതും അതിൽ 75% ഭൂമിയിൽ കൃഷിനടത്തുന്നവർക്കും 10 സെന്റിൽ കുറയാത്ത ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നവർക്കും 5 സെന്റിൽ കുറയാത്ത ഭൂമിയിൽ വെറ്റില കൃഷി നടത്തുന്ന കൃഷിക്കാർക്കുമാണ് നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത്. കാർഷിക വൈദ്യുതി കണക്ഷന് ഭൂവിസ്തൃതി 30 സെന്റിൽ താഴെയാക്കണമെന്ന ചില നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതു സർക്കാർ പരിശോധിച്ചുവെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി

40 (4622) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ ഉള്ള കുടുംബനാഥൻ മരണപ്പെട്ടാൽ അനന്തരാവകാശിക്ക് വൈദ്യുതി കണക്ഷൻ മാറ്റി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശിയുടെ അപേക്ഷ പരിഗണിച്ച് വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റിനൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly